# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2153 — 18.03.2015- ലെ മറുപടിക്ക്

**സഹകരണ ബാങ്കുകൾ കാർഷികാവശ്യങ്ങൾക്ക് നൽകുന്ന വായ്പ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. തിലോത്തമൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകളുടെ വായ്പകളിൽ 25% കാർഷികാവശ്യങ്ങൾക്ക് നൽകണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ ; പരമ്പരാഗത തൊഴിൽ മേഖലയും കാർഷിക മേഖലയെയും അഭിവൃദ്ധിപ്പെടുത്തുന്നതിന് സഹകരണ ബാങ്ക് വായ്പകൾ എപ്രകാരമാണ് അനുവദിച്ച് വരുന്നതെന്ന് പറയാമോ: | (എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% കാർഷിക വായ്പയായി വിതരണം ചെയ്യണമെന്ന നിർദ്ദേശം നിലവിലുണ്ടെങ്കിലും കൃഷിഭൂമി കുറഞ്ഞുവരുന്ന സാഹചര്യത്തിലും നബാർഡിൽ നിന്ന് പലപ്പോഴും റീ ഫൈനാൻസ് ലഭിക്കാത്ത കാരണത്താലും പല സംഘങ്ങളിലും ടി നിർദ്ദേശം പാലിക്കാൻ കഴിയുന്നില്ല.<br>പരമ്പരാഗത തൊഴിൽ മേഖലയിലെ സഹകരണ സംഘങ്ങൾക്കും കാർഷികമേഖലയിലെ സംഘങ്ങൾക്കും ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ആവശ്യമായ വായ്പകൾ അനുവദിച്ച് വരുന്നു. ആയതിനുപുറമേ സ്വയംസഹായസംഘങ്ങൾ മുഖേന ടി മേഖലയിലെ തൊഴിലാളികൾക്കും, കർഷകർക്കും, ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായാണ് സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് വായ്പ നൽകി വരുന്നത്. ഓരോ വർഷവും ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൂടി വായ്പാ തുക കാലാനുസൃതമായി പരിഷ്കരിക്കാറുണ്ട്. |
| ബി) പ്രസ്തുത മേഖലകളുടെ അഭിവൃദ്ധി ലക്ഷ്യമിട്ട് ഒരു നിശ്ചിത ശതമാനം സഹകരണ വായ്പകൾ വിനിയോഗിക്കപ്പെടുന്നതിനും അവ മോണിറ്റർ ചെയ്യപ്പെടുന്നതിനും ഒരു സംവിധാനം ഉണ്ടാക്കുമോ; വ്യക്തമാക്കാമോ? | (ബി) പരമ്പരാഗത തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ എന്നിവയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് വായ്പകൾ വിതരണം ചെയ്തുവരുന്നു. ടി വായ്പകളുടെ വിനിയോഗം അതാതു സംഘം ഭരണസമിതിയും, ചീഫ് എക്സിക്യൂട്ടീവും , ജില്ലാ ബാങ്ക് ഇൻസ്പെക്ടർമാരും പരിശോധിച്ച് വിനിയോഗം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ബ്ലോക്ക് തലത്തിലും/ ജില്ലാ തലത്തിലുമുള്ള ബാങ്കേഴ്സ് കമ്മിറ്റികൾ ഇക്കാര്യം വിലയിരുത്തുകയും, വകുപ്പുതലയോഗങ്ങളിൽ, ഇക്കാര്യം അവലോകനം നടത്തുകയും ചെയ്യാറുണ്ട്. ഇതിനുപുറമേ ജില്ലാ ബാങ്കിന്റെ ബ്രാഞ്ച്തല അവലോകന യോഗങ്ങളിൽ ശാഖാതലത്തിൽ പ്രാഥമിക സംഘങ്ങൾ മുഖേന ഓരോ മേഖലകൾക്കും നൽകിയ വായ്പകൾ നിലവിൽ അവലോകനം നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ